ആദ്യത്തെ 5 കി.മീ. ദൂരത്തേക്കും, സൂപ്പർ ഫാസ്റ്റ്, സൂപ്പർ എക്സ്പ്രസ് സർവ്വീസുകൾക്ക് ആദ്യത്തെ 10 കി.മീ. ദൂരത്തേക്കും സൂപ്പർ ഡീലക്സ് സർവ്വീസിന് ആദ്യത്തെ 15 കി.മീ. ദൂരത്തേക്കും മിനിമം നിരക്കിൽ യാത്ര ചെയ്യാവുന്ന തരത്തിലും, മിനിമം കഴിഞ്ഞുള്ള ദൂരത്തേക്ക് ടി സർവ്വീസുകൾക്ക് നിശ്ചയിച്ചിട്ടുള്ള കിലോമീറ്റർ നിരക്ക് അനുസരിച്ചുമാണ് ടിക്കറ്റ് നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. ഇപ്രകാരം മിനിമം ചാർജിനോടൊപ്പം കിലോമീറ്റർ ചാർജ്ജും കൂടി ചേർക്കുമ്പോൾ കിട്ടുന്ന സംഖ്യയിൽ പൈസ രൂപയായി റൗണ്ട് ചെയ്യുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) 20-5-2014 മുതൽ. അന്ന് ഡീസൽ വില ലിറ്ററിന് 60.88 രൂപയായിരുന്നു.

(സി) 20-5-2014-ൽ ഉണ്ടായിരുന്ന ഡീസൽ വിലയേക്കാൾ 6.65 പൈസ ഇപ്പോൾ ഒരു ലിറ്റർ ഡീസലിന് കുറവ് വന്നിട്ടുണ്ട്. എന്നാൽ ഈ കാലയളവിൽ ജീവനക്കാരുടെ ശമ്പളം, ടയർ, സ്പെയർ പാർട്സ്, മറ്റ് അനുബന്ധ സാമഗ്രികളുടെ വില വർദ്ധനവുണ്ടാകുകയും, പ്ലസ് ടു തലംവരെയുള്ള വിദ്യാർത്ഥികൾക്ക് കെ.എസ്. ആർ.ടി.സി. ബസ്സുകളിൽ പൂർണ്ണമായും സൗജന്യ യാത്ര അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അതിനാൽ ഡീസൽ വില കുറയുന്നതിനനുസരിച്ച് ആനുപാതികമായി യാത്രാക്കൂലിയിൽ കുറവ് വരുത്താൻ കഴിയുന്ന സാഹചര്യമല്ല നിലവിലുള്ളത്.

(ഡി) യാത്രാക്കൂലിയിൽ കുറവ് വരുത്തുന്നത് സംബന്ധിച്ച് ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷന്റെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരികയാണ്.

റോഡപകടങ്ങൾ

328 (334) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വിശദമാക്കുമോ ;

(ബി) 2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തുണ്ടായ റോഡപകടങ്ങളിൽ എത്രപേർ മരണപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) റോഡ് സുരക്ഷാ സന്ദേശം ഉൾപ്പെടുന്ന വിവിധ ബോധവത്ക്കരണ പരിപാടികൾ നടത്തിയും കർശന വാഹന പരിശോധന നടത്തിയും സംസ്ഥാനത്ത് റോഡപകടങ്ങൾ ഇല്ലാതാക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അമിത വേഗത, റോഡപകടങ്ങൾ സൃഷ്ടിക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു എന്ന് മനസ്സിലാക്കിക്കൊണ്ട് വാഹനങ്ങളുടെ അമിത വേഗത നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സ്റ്റേജ് കാര്യേജുകളിലും, ഹെവി വാഹനങ്ങളിലും, സ്കൂൾ വാഹനങ്ങളിലും ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് ട്രേസറുകൾ, മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവ ഉപയോഗിച്ചുള്ള വാഹന പരിശോധനകളിലും, ഓഫീസ് തലങ്ങളിൽ നടത്തപ്പെടുന്ന ചെക്കിംഗുകളിലും അമിത വേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത് കൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ ഡ്രൈവർമാർക്ക് നൽകുന്ന പരിശീലനങ്ങളിൽ അമിത വേഗതയ്ക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. മദ്യപിച്ചും, അശ്രദ്ധമായും വാഹനം ഉപയോഗിക്കുന്നവർക്കെതിരെ ലൈസൻസ് കണ്ടുകെട്ടുകയും, സസ്പെൻഷൻ, പിഴ ഈടാക്കൽ തുടങ്ങിയ നടപടികൾ നടപ്പിലാക്കിവരുന്നു. ജില്ലാ തലത്തിൽ സ്പീഡ് ട്രേസറുകൾ ഉപയോഗിച്ചും, മേഖലാതലത്തിൽ അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ചും വാഹനങ്ങളുടെ അമിത വേഗത കണ്ടുപിടിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനു പുറമേ വാഹനാപകടങ്ങളുടെ സാന്ദ്രത കൂടിയ ബ്ലാക്ക് സ്പോട്ടുകൾ കണ്ടുപിടിച്ച് പൊതുമരാമത്ത് വകുപ്പ് തുടങ്ങി മറ്റു വകുപ്പുകളുടെ സഹായത്തോടുകൂടി തിരുത്തൽ നടപടികൾ എടുക്കുന്നതിനുവേണ്ട നടപടികളും സ്വീകരിച്ചുവരുന്നു. റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിനും റോഡ് സുരക്ഷാ നടപടികൾ കൂടുതൽ ഫലവത്തായി നടത്തുന്നതിനും വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിങ്ങ് പ്രവർത്തിച്ചുവരുന്നു.

(ബി) വിവരങ്ങൾ അനുബന്ധമായി വച്ചിരിക്കുന്നു.*

(സി) റോഡ് സുരക്ഷയ്ക്കായി ഒരു ദശകം എന്ന ലോകാരോഗ്യ സംഘടനയുടെ പരിപാടി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ നിന്നും മോട്ടോർ വാഹന വകുപ്പിനനുവദിച്ച ഫണ്ട് ഉപയോഗിച്ച് പ്രീ ഡ്രൈവേഴ്സ് ടെസ്റ്റ് പരിശീലനം, ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്കുള്ള പരിശീലനം, വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കുമുള്ള പരിശീലനം, ട്രാൻസ്പോർട്ട്, നോൺ ട്രാൻസ്പോർട്ട് ഡ്രൈവർമാരിൽ അവബോധം വളർത്തുന്നതിനായി നടത്തുന്ന പരിശീലന പരിപാടികൾ മുതലായവ നടപ്പിലാക്കി വരുന്നു. ഇതിനുപുറമേ ടിപ്പർ ലോറി, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വാഹനങ്ങൾ എന്നിവയുടെ ഡ്രൈവർമാർക്കും പരിശീലനം കൊടുത്തുവരുന്നു. റോഡപകടങ്ങൾ ഇല്ലാതാക്കുന്നതിനായി വാഹന പരിശോധനയുൾപ്പെടെയുള്ള വിശദാംശങ്ങൾ ചോദ്യം 'എ' യുടെ മറുപടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.